**15 –ാം കേരള നിയമസഭ**

**13 –ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4785** **19-03-2025 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ , ശ്രീ വി കെ പ്രശാന്ത്, ശ്രീമതി യു പ്രതിഭ , ശ്രീ എം രാജഗോപാലൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുനർഗേഹം പദ്ധതിയുടെ പ്രാരംഭത്തിൽ ഉണ്ടായിരുന്ന നിർവ്വഹണ മാർഗ്ഗനിർദ്ദേശം, അർഹതാ മാനദണ്ഡങ്ങൾ എന്നിവയിൽ എന്തെല്ലാം ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളത്; | (എ) | പുനർഗേഹം പദ്ധതിയുടെ പ്രാരംഭത്തിൽ ഉണ്ടായിരുന്ന നിർവഹണ മാർഗ്ഗനിർദ്ദേശം, അർഹതാ മാനദണ്ഡങ്ങൾ എന്നിവയിൽ ചുവടെ പറയുന്നവയിൽ ഭേദഗതികൾ കൊണ്ടു വന്നിട്ടുള്ളതാണ്.<br><br>**I. സ.ഉ (കൈ)നം.6/2021/മഭവ തീയ്യതി 12.02.2021 എന്ന ഉത്തരവിലൂടെ 16.12.2017 ലെ സർക്കാർ ഉത്തരവ് (കൈ) നം. 29/2017/മഭവ പ്രകാരം ഭൂമി വില നിശ്ചയിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ പുനർഗേഹം പദ്ധതിക്ക് കൂടി ബാധകമാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം ഭൂമി വില നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.**<br><br>1. **(എ)** ഭൂമിയുടെ വില നിശ്ചയിച്ച് നൽകുന്നതിനായി സമീപപ്രദേശത്ത് 3 വർഷത്തിനുള്ളിൽ ആധാരം ചെയ്തിട്ടുള്ള മൂന്ന് വസ്തുക്കളുടെ പ്രമാണം പരിശോധിക്കുകയും അതിൽ സമാന സ്വഭാവമുള്ള വസ്തുവിന്റെ വില ബേസിക്ക് വാല്യൂ ആയി കണക്കാക്കി സ്ഥലത്തിന്റെ ബേസിക്ക് വാല്യൂവിനെ നിശ്ചിത മൾട്ടിപ്ലിക്കേഷൻ ഫാക്ടർ കൊണ്ട് ഗുണിച്ച് പരമാവധി 100 സൊളേഷൻ കൂടി കൂട്ടി സ്റ്റാറ്റ്യൂട്ടറി വാല്യൂ കണ്ടെത്തി അങ്ങനെ കണക്കാക്കപ്പെടുന്ന സ്റ്റാറ്റ്യൂട്ടറി വിലയേക്കാൾ 100% വരെ അധിക വില നെഗോഷിയേറ്റ് ചെയ്ത് നിശ്ചയിക്കുന്ന തുക 6,00,000/- (ആറു ലക്ഷം) രൂപയിൽ അധികരിക്കാൻ പാടില്ല. ആയത് നിശ്ചയിച്ച് നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും ബന്ധപ്പെട്ട തഹസീൽദാർ, ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായ കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു.<br><br>**(ബി)** സ്റ്റാറ്റ്യൂട്ടറി വിലയേക്കാളും 100% ത്തിൽ അധികരിച്ച തുക നിശ്ചയിച്ച് നൽകേണ്ട കേസുകളിൽ ഫിഷറീസ് സെക്രട്ടറി ചെയർമാനും ഫിഷറീസ് ഡയറക്ടർ കൺവീനറും ഫിനാൻസ്, റവന്യൂ എന്നീ വകുപ്പുകളിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു.<br><br>**II.സ.ഉ (സാധാ) നം. 13/2020/മഭവ തീയ്യതി 07.01.2020 പ്രകാരമുള്ള പുനർഗേഹം പദ്ധതി നിർവഹണ മാർഗ്ഗനിർദേശങ്ങളിൽ സ.ഉ (സാധാ) നം. 602/2020/മഭവ തീയ്യതി 18.10.2020 പ്രകാരം ചുവടെ പറയുന്ന ഭേദഗതികൾ വരുത്തിയിരുന്നു.**<br><br>1. ജില്ലാ ഓഫീസർമാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ DLMC കഴിഞ്ഞ ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരം ആവശ്യമായ തുക ജില്ലാ ഫിഷറീസ് ഓഫീസറുടെ STSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതാണ്.<br><br>2. ടി തുക രജിസ്ട്രേഷൻ നടക്കുന്ന ദിവസമോ പ്രമാണം സൂക്ഷ്മ പരിശോധന നടക്കുന്ന ദിവസമോ തന്നെ DBTആയോ അക്കൗണ്ട് പേയീ ചെക്കായോ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് രജിസ്ട്രേഷൻ ചാർജ്ജുകളും ഭൂ ഉടമയുടെ അക്കൗണ്ടിലേക്ക് ഭൂമി വിലയും നൽകേണ്ടതാണ്.<br><br>**പുനർഗേഹം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നിലവിലുള്ള സ.ഉ (സാധാ) നം. 13/2020/മഭവ തീയ്യതി 07.01.2020 പ്രകാരമുള്ള പദ്ധതി മാർഗ്ഗ രേഖയിലെ ബന്ധപ്പെട്ട ഖണ്ഡികകളിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി സ.ഉ (സാധാ) നം. 562/2021/മഭവ തീയ്യതി 25.10.2021 പ്രകാരം ഉത്തരവായിട്ടുണ്ട്.** |

| മാർഗ്ഗ നിർദ്ദേശത്തിലെ ക്രമ നം. | നിലവിലെ മാർഗ്ഗ നിർദ്ദേശം | ഭേദഗതി മാർഗ്ഗ നിർദ്ദേശം |
|---|---|---|
| II.2 | ഗുണഭോക്താവ് അവരുടെ ഭൂമി പരിത്യജിക്കേണ്ടതും പിൽക്കാലത്ത് പ്രസ്തുത സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനവും നടത്തുകയില്ല എന്ന് ഫിഷറീസ് വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ് | നിലവിലുള്ള ഭൂമി ഉടമയുടെ പേരിൽ തന്നെ നിലനിർത്തി കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ഈ സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനവും നടത്തുകയില്ല എന്ന് ഫിഷറീസ് വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടി പ്രദേശത്ത നിർമ്മാണ പ്രവർത്തനങ്ങൾക്ക അനുമതി നൽകുവാൻ പാടില്ലാത്തതും ആകുന്നു. |
| II.13 | ഗുണഭോക്താക്കൾ നിലവിലുള്ള കെട്ടിടം സ്വന്തം നിലയിൽ പൊളിച്ചു മാറ്റേണ്ടതും വസ്തു റിലിങ്കിഷ് ചെയ്യേണ്ടതുമാണ്. എന്നാൽ 5 സെന്റിനു മുകളിൽ ഭൂമി ഉള്ള ഗുണഭോക്താക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ടി സ്ഥലം കൃഷിക്ക് ഉപയോഗിക്കാവുന്നതുമാണ്. ടി സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ അനുവദിക്കുന്നതല്ല. | ഗുണഭോക്താക്കൾ നിലവിലുള്ള കെട്ടിടം സ്വന്തം നിലയിൽ പൊളിച്ചു മാറ്റേണ്ടതാണ്. |
| III.4 | ഒന്നാംഘട്ട ധന സഹായം കൈപ്പറ്റി 12 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അനുവദിച്ച ധനസഹായത്തിന് 18% പലിശ സഹിതം ഗുണഭോക്താവ് തിരിച്ചടക്കേണ്ടതാണ്. | ഒന്നാംഘട്ട ധന സഹായം കൈപ്പറ്റി 12 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഗുണഭോക്താവ കൈപ്പറ്റിയ തുക തിരിച്ചടക്കേണ്ടതാണ്. |
| V | ഗുണഭോക്താവ് 2 സെന്റിൽ കുറയാത്ത ഭൂമിയും 500 സ്ക്വയർഫീറ്റിൽ കുറയാത്ത വാസയോഗ്യമായ ഭവനം വാങ്ങുന്ന പക്ഷം സർക്കാർ ഉത്തരവ് G.O(MS) No.25/2019/DMD തീയതി 23.08.2019 പ്രകാരം 10 ലക്ഷം രൂപയുടെ സഹായം നൽകാവുന്നതാണ്. പ്രസ്തുത ഭൂമിയുടെ അനുയോജ്യത Inter Department Team (IDT) പരിശോധിക്കേണ്ടതാണ്. | ഗുണഭോക്താവ് 2 സെന്റിൽ കുറയാത്ത ഭൂമിയും 400 സ്ക്വയർ ഫീറ്റിൽ കുറയാത്ത വാസയോഗ്യമായ ഭവനം വാങ്ങുന്ന പക്ഷം സർക്കാർ ഉത്തരവ് G.O(MS) No.25/2019/DMD തീയതി 23.08.2019 പ്രകാരം 10 ലക്ഷം രൂപയുടെ സഹായം നൽകാവുന്നതാണ്. പ്രസ്തുത ഭൂമിയുടെ അനുയോജ്യത Inter Department Team (IDT) പരിശോധിക്കേണ്ടതാണ്. |

| | | |
|---|---|---|
| | പ്രസ്തുത ഭവനത്തിന്റെ സുരക്ഷിതത്വം, ഉറപ്പ്, ശൗചാലയ സൗകര്യം എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേ യോ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പലേയോ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനും മത്സ്യഭവൻ ഓഫീസറും അടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റി സാക്ഷ്യപ്പെടുത്തേണ്ടതാണ്. പദ്ധതി ധനസഹായം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് ശേഷം മാത്രം അനുവദിക്കുക. | പ്രസ്തുത ഭവനത്തിന്റെ സുരക്ഷിതത്വം, ഉറപ്പ്, ശൗചാലയ സൗകര്യം എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തി ലേയോ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പലേയോ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനും മത്സ്യഭവൻ ഓഫീസറും അടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റി സാക്ഷ്യപ്പെടുത്തേണ്ടതാണ്. പദ്ധതി ധനസഹായം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് ശേഷം മാത്രം അനുവദിക്കുക. |

| | | | |
|---|---|---|---|
| | | | **IV**. പുനർഗേഹം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷനു സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും G.O (P) No.130/2021/TAXES തീയതി 20.12.2021 & G.O (P) No.131/2021/TAXES തീയതി 20.12.2021 (അസാധാരണ ഗസ്റ്റ് നം. 962/2021 & 963/2021) എന്നിവ പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്.<br><br>**V.** വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് സ.ഉ. (കൈ) നം. 1/2024/F&P നമ്പർ തീയ്യതി 05.01.2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ആയവ നടപ്പാക്കുമ്പോൾ വന്ന മാറ്റങ്ങൾ വ്യക്തമാക്കാമോ? | (ബി) | **I. സ.ഉ (കൈ) നം. 29/2017/മഭവ 16.12.2017 ഉത്തരവിലെ ഭൂമി വില നിശ്ചയിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ പുനർഗേഹം പദ്ധതിക്ക് കൂടി ബാധകമാക്കിയ ഉത്തരവ്**<br><br>പുനർഗേഹം പദ്ധതിയുടെ നടത്തിപ്പിനുള്ള മാർഗ്ഗരേഖകൾ നിശ്ചയിച്ച് കൊണ്ടുള്ള സ.ഉ (സാധാ) നം. 13/2020/മഭവ തീയ്യതി 07/01/2020 ഉത്തരവിൽ ഭൂമി വില നിശ്ചയിച്ച് നൽകുന്നതു സംബന്ധിച്ച വ്യവസ്ഥ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ പുനർഗേഹം പദ്ധതി പ്രകാരം ഭൂമി മൂല്യനിർണ്ണയത്തിനായി സ്വീകരിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച സ്പഷ്ടീകരണം ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ടിരുന്നു .<br><br>സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 16.12.2017 ലെ സ.ഉ (കൈ) നം. 29/2017/മഭവ ഉത്തരവിലെ ഭൂമി വില നിശ്ചയിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ പുനർഗേഹം പദ്ധതിക്ക് കൂടി ബാധകമാക്കി സ.ഉ (കൈ) നം. 6/2021/മഭവ തീയ്യതി 12.02.2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം ഭൂമി വില നിശ്ചയിക്കുന്നതിന് വ്യക്തമായ നടപടി ക്രമങ്ങൾ പാലിക്കാനും പദ്ധതി പ്രവർത്തനം സുഗമമാക്കുവാനും കഴിഞ്ഞിട്ടുണ്ട് .<br><br>**II. സ.ഉ (സാധാ) നം. 13/2020/മഭവ തീയ്യതി 07.01.2020 പ്രകാരമുള്ള പുനർഗേഹം പദ്ധതി നിർവഹണ മാർഗ നിർദേശങ്ങളിൽ സ.ഉ (സാധാ) നം. 602/2020/മഭവ തീയ്യതി 18.10.2020 പ്രകാരം വരുത്തിയ ഭേദഗതികൾ**<br><br>ജില്ലാ ഓഫീസർമാർ സമർപ്പിക്കുന്ന ധനസഹായ ശുപാർശ PIU ഓഫീസിൽ നിന്നും ഫിഷറീസ് അഡീഷണൽ ഡയറക്ടർ മുഖേന ഡയറക്ടർക്ക് സമർപ്പിക്കുന്നത് പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവ് അനുസരിച്ച് DBT ആയി തുക അനുവദിക്കുകയായിരുന്നു പതിവ്. ഇപ്രകാരം ജില്ലാ ഓഫീസ്, PIU, ഫിഷറീസ് ഡയറക്ടറേറ്റ് എന്നീ ഓഫീസുകളിലെ വിവിധ തലങ്ങളിലൂടെ കടന്ന് പദ്ധതി ആനുകൂല്യ വിതരണം ചെയ്യുന്നത് കാലതാമസത്തിന് കാരണമാകുന്നതിനാലാണ് ഈ ഭേദഗതിയിലൂടെ ആവശ്യമായ തുക ജില്ലാ ഓഫീസർമാർക്ക് നൽകാനും അവിടെ നിന്ന് തന്നെ DBT ആയി തുക വിതരണം ചെയ്യാനും |

നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തിയത് ധനസഹായ വിതരണം ത്വരിതപ്പെടുത്തുവാനും പദ്ധതി നിർവഹണം സുഗമമാക്കുവാനും കഴിഞ്ഞിട്ടുണ്ട്.

III. **പുനർഗേഹം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നിലവിലുള്ള സ.ഉ (സാധാ) നം. 13/2020/ മത്സ്യ തീയ്യതി 07.01.2020 പ്രകാരമുള്ള പദ്ധതി മാർഗ്ഗ രേഖയിലെ II.2, II.13, III.4, V എന്നീ ബന്ധപ്പെട്ട ഖണ്ഡികകളിൽ സ.ഉ (സാധാ) നം. 562/2021/മത്സ്യ തീയ്യതി 25.10.2021 പ്രകാരം വരുത്തിയ ഭേദഗതിയുടെ ഫലമായി** സ്വന്തം ഉടമസ്ഥതയിലുള്ള ഭൂമി പരിത്യജിക്കാതെ തന്നെ പുനർഗേഹം പദ്ധതി പ്രകാരമുള്ള പുനരധിവാസത്തിലൂടെ ഭൂമിയും ഭവനവും ലഭിക്കുമെന്ന വിധത്തിൽ ഉണ്ടായ ഭേദഗതി പദ്ധതിയെ കൂടുതൽ ആകർഷകവും പദ്ധതി നിർവഹണം കൂടുതൽ സുഗമമാക്കാനും കഴിഞ്ഞിട്ടുണ്ട് .

ഭവന നിർമ്മാണം 12 മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാത്ത ഗുണഭോക്താക്കളെ അനുവദിച്ച തുകയുടെ 18% പലിശയിൽ നിന്നും ഒഴിവാക്കിയത്, ഏതെങ്കിലും കാരണത്താൽ ഭവന നിർമ്മാണം ആരംഭിക്കാൻ കഴിയാതെ വരുന്ന ഗുണഭോക്താക്കൾക്കു അധിക സാമ്പത്തിക ബാധ്യതയിൽ നിന്നും സുരക്ഷിതത്വം നൽകുന്നു. ഭേദഗതി പദ്ധതിയെ കൂടുതൽ ആകർഷകവും പദ്ധതി നിർവഹണം കൂടുതൽ സുഗമമാക്കാനും സഹായിച്ചിട്ടുണ്ട്

ധന സഹായത്തിൽ കുറവ് വരുത്താതെ, വാങ്ങുന്ന ഭവനത്തിന്റെ കുറഞ്ഞ വിസ്തീർണം 500 സ്ക്വയർ ഫീറ്റിൽ നിന്നും 400 സ്ക്വയർ ഫീറ്റായി കുറവ് ചെയ്തു ഭേദഗതി വരുത്തിയത് പദ്ധതിയെ കൂടുതൽ ആകർഷകമാക്കുവാനും പദ്ധതി നിർവഹണം കൂടുതൽ സുഗമമാക്കാനും സഹായിച്ചിട്ടുണ്ട്.

**IV. പുനർഗേഹം പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും G.O (P) No. 130/2021/TAXES തീയ്യതി 20.12.2021 & G.O (P) No. 131/2021/TAXES തീയ്യതി 20.12.2021(അസാധാരണ ഗസ്റ്റ് നം. 962/2021 & 963/2021 ) എന്നിവ പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്.**

പുനർഗേഹം പദ്ധതി പ്രകാരം സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കുവാൻ തയ്യാറാകുന്ന ഗുണഭോക്താവിന് വ്യക്തിഗത ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുവാനും ഭവന നിർമ്മാണത്തിനും കൂടി പരമാവധി 10 ലക്ഷം രൂപയുടെ ധനസഹായം ലഭ്യമാകുന്നതാണ്. ഭൂമി വില 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും അടക്കം പരമാവധി 10 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഭൂമി വില 6 ലക്ഷം രൂപയിൽ കുറവാണ് ചെലവാകുന്നതെങ്കിൽ ബാക്കി തുക 4 ലക്ഷം രൂപയോട് ചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. ഭൂമി രജിസ്ട്രേഷനു വേണ്ടി അനുവദിക്കുന്ന 6 ലക്ഷം രൂപയിൽ നിന്നുമാണ് രജിസ്ട്രേഷൻ ഫീസും, സ്റ്റാമ്പ് ഡ്യൂട്ടിയും ഈടാക്കിയിരുന്നത്. ഈ ഫീസ് ഒഴിവാക്കിയതോടു കൂടി ആ തുക കൂടി ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാൻ കഴിയുന്നതാണ്. ഇത് പദ്ധതിയെ കൂടുതൽ ആകർഷകവും പദ്ധതി നിർവഹണം കൂടുതൽ സുഗമമാക്കാനും സഹായിച്ചിട്ടുണ്ട്.

**V.** വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് സ.ഉ.(കൈ) നം.1/2024/F&P നമ്പർ തീയ്യതി 05.01.2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖ പ്രകാരം വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും പദ്ധതി ഗുണഭോക്താക്കളായി പരിഗണിക്കാമെങ്കിലും അപേക്ഷകനോ പങ്കാളിയ്ക്കോ 50 മീറ്ററിനുള്ളിലല്ലാതെ ഭൂമി ഇല്ലായെന്ന് നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അപേക്ഷകൻ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.

സർവ്വേലിസ്റ്റിൽ ഉൾപ്പെടുകയും വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിയ്ക്കു പുറത്ത് ഭൂമി ഉണ്ടെന്ന കാരണത്താൽ പദ്ധതിയുടെ ഭാഗമാകുവാൻ സാധിക്കാത്തതുമായ കുടുംബങ്ങളും കടലാക്രമണ ഭീതിയിലാണ്. സ്വന്തമായി ഭവനം നിർമ്മിക്കുന്നതിനുള്ള സാമ്പത്തികം കണ്ടെത്തുവാൻ സാധിക്കാത്ത ഇവർക്കായി പുനർഗേഹം പദ്ധതിയിൽ ഭവനനിർമ്മാണത്തിനുള്ള ആനുകൂല്യമായി നൽകുന്ന 4,00,000/- (നാല് ലക്ഷം രൂപ) അനുവദിക്കുന്ന പക്ഷം സുരക്ഷിത മേഖലയിലെ സ്വന്തം ഭൂമിയിൽ ഭവനം നിർമ്മിച്ച് മാറി താമസിക്കുവാൻ സാധിക്കും. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടതും

| | | | |
|---|---|---|---|
| | | | സുരക്ഷിത മേഖലയിൽ സ്വന്തമായി ഭൂമി ഉള്ളവരുമായ 355 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ ആനുകൂല്യം നൽകുന്നതിനു ഈ ഭേദഗതിയിലൂടെ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ